കോട്ടയം പ്രവിത്താനം പ്രദേശത്ത് ഒരു റീചാർജ് കിണറും അയടി കടവ് ടൈഡൽ റെഗുലേറ്റർ പദ്ധതിയും കൂടാതെ ഏഴിമല നാവിക അക്കാഡമിയുടെ റീ ചാർജ്ജ് പദ്ധതിയ്ക്കുവേണ്ടി റീചാർജ് കുഴി, ചാലുകൾ, ഗള്ളിപ്ലഗ് എന്നിവ 8.65 ലക്ഷം രൂപയുടെ ചെലവിൽ നിർമ്മിച്ചിട്ടുണ്ട്.

മേൽക്കൂരയിൽ നിന്നുള്ള മഴവെള്ള ശേഖരണത്തിന് 2 പദ്ധതികൾ മയ്യിൽ ഹരിജൻ കോളനി (കണ്ണൂർ ജില്ല), കളക്ട്രേറ്റ് പരിസരം (കാസർഗോഡ് ജില്ല) എന്നിവിടങ്ങളിലും നടപ്പാക്കിയിട്ടുണ്ട്.

ജലലഭ്യതയുള്ള ദൂരസ്ഥലങ്ങളിൽ നിന്നും വെള്ളം കൊണ്ടുവന്ന് വിതരണം ചെയ്യുന്ന പദ്ധതി

77(1353) ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലലഭ്യതയുള്ള ദൂരസ്ഥലങ്ങളിൽ നിന്നും വെള്ളം കൊണ്ടുവന്ന് വിതരണം ചെയ്യുന്ന പദ്ധതി ജലനിധി മുഖേന നടപ്പിലാക്കാൻ ഏതെങ്കിലും പഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; എവിടെയെല്ലാം ഇവ നടപ്പാക്കി എന്നി വിശദീകരിക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റ് -ലോകബാങ്ക് കരാർ പ്രകാരം എന്നേക്കായിരുന്നു പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നത്; കാലാവധി കഴിഞ്ഞെങ്കിൽ സമയപരിധി ദീർഘിപ്പിച്ചിട്ടുണ്ടോ;

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാത്ത പക്ഷം പഞ്ചായത്തിനും ഗുണഭോക്താക്കൾക്കും വരുന്ന പ്രയാസങ്ങൾ ദൂരീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജലനിധി പദ്ധതി മുഖേന ജലലഭ്യതയുള്ള ദൂരസ്ഥലങ്ങളിൽ നിന്നും വെള്ളം കൊണ്ടുവന്ന് വിതരണം ചെയ്യുന്ന "കോംപ്രിഹെൻസിവ്" വാട്ടർ സപ്ലൈ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇത്തരത്തിൽ ഒരു പദ്ധതി കോഴിക്കോട് ജില്ലയിലെ ഫറൂക്ക് പഞ്ചായത്തിൽ നടപ്പാക്കുന്നുണ്ട്. ഏകദേശം 18 കിലോമീറ്റർ അകലെനിന്നാണ് പ്രസ്തുത പദ്ധതിക്കുവേണ്ടി ജലം എത്തിക്കുന്നത്. കൂടാതെ മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ്, പോത്തുകൽ എന്നീ പഞ്ചായത്തുകളിലും "കോംപ്രിഹെൻസിവ്" പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഏകദേശം രണ്ടു കി. മീറ്റർ അകലെനിന്നാണ് ഈ പഞ്ചായത്തുകളിൽ ജലംഎത്തിക്കുന്നത്. സുനാമി ബാധിത പ്രദേശങ്ങളായ ചവറ-പന്മന പഞ്ചായത്തുകളിലും ഇതേ രീതിയിൽ ഏകദേശം ഏഴു കി. മീറ്റർ അകലെയുള്ള ശാസ്താംകോട്ട കായലിൽ നിന്ന് ജലം എത്തിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര ഗവൺമെന്റ്-ലോകബാങ്ക് കരാർ പ്രകാരം 2006 ഡിസംബറിലാണ് പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നത്. എന്നാൽ ഇത് 2007 ഡസംബർ വരെ നീട്ടിയിട്ടുണ്ട്.

(സി) ജലനിധി പദ്ധതി 2007 ഡിസംബറിൽ തന്നെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സ്വജൽധാര പദ്ധതി നടപ്പാക്കേണ്ട രീതി

78(1354) ശ്രീ. എം. എ. വാഹിദ്:

ശ്രീ. കെ. എ. ചന്ദ്രൻ:

ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വജൽധാര പദ്ധതി നടപ്പാക്കേണ്ട രീതി എന്തെന്ന് വിശദീകരിക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ അടയ്ക്കേണ്ട ഗുണഭോക്തൃവിഹിതം എത്രയാണ്; ഈ വിഹിതം അടയ്ക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയാത്തതിനാൽ പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ കഴിയാതെ വന്നിട്ടുണ്ടോ;

(സി) ഈ പദ്ധതി പ്രകാരം കുടിവെള്ള പദ്ധതികൾ നടപ്പാക്കുവാൻ എത്ര നിർദ്ദേശങ്ങൾ ഇപ്പോൾ ഗവൺമെന്റിന്റെ മുൻപാകെയുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഗ്രാമീണ ജനതക്കുവേണ്ടി അവർ തന്നെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി പരിപാലിക്കുന്ന കുടിവെള്ള പദ്ധതിയാണ് 2002-2003 വർഷത്തിൽ ആരംഭിച്ച സ്വജൽധാര-1 പദ്ധതി. 90% കേന്ദ്രസഹായമുള്ള ഈ പദ്ധതിയ്ക്ക് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കോ, സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഗുണഭോക്തൃ സമിതികൾക്കോ സ്കൂൾ പി.ടി.എ.-കൾക്കോ അപേക്ഷിക്കാവുന്നതാണ്. ബാക്കി 10% തുകയിൽ 50% ഗുണഭോക്താക്കൾ പണമായി സ്വരൂപിക്കുകയും 50% പദ്ധതിക്കാവശ്യമായ ഭൂമിയായോ, സന്നദ്ധ സേവനമായോ, പണമായോ കണ്ടെത്തുകയും വേണം. പദ്ധതിക്കുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ അതാത് ജില്ലാ വാട്ടർ ആന്റ് സാനിട്ടേഷൻ മിഷന് സമർപ്പിക്കേണ്ടതാണ്. ഇതിലേക്കാവശ്യമായ കേന്ദ്രസഹായം രണ്ടു ഗഡുവായി ജില്ലാ വാട്ടർ ആന്റ് സാനിട്ടേഷൻ മിഷന് ലഭിക്കുന്നതാണ്. ഇതിന്റെ നിർവ്വഹണവും ഭാവി പരിപാലനവും നടത്തേണ്ടത് ഗുണഭോക്തൃ സമിതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly